പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട 25.03.2013-ൽ മറുപടിക്ക്

ചോദ്യം നമ്പർ 168

# മത്സ്യബന്ധനമേഖലയുടെ സമഗ്രവികസനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. എ. വാഹീദ്<br>,, റ്റി. എൻ. പ്രതാപൻ<br>,, വർക്കല കഹാർ<br>,, വി. ഡി. സതീശൻ | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയുടെ സമഗ്രമായ വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; | (എ) സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയുടെ സമഗ്ര വികസനത്തിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ 3000 കോടി രൂപയുടെ ഒരു സമഗ്ര പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. സമഗ്ര തീരദേശ വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, നബാർഡിന്റെ ആർ.ഐ.ഡി.എഫ്. ഫണ്ട് ഉപയോഗിച്ചുള്ള വിവിധ വികസന പദ്ധതികൾ, വിമൻ ഷെൽട്ടറുകൾ, മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം, ഫിഷ് കിയോസ്കുകൾ, ഹഡ്കോയുടെ ധനസഹായത്തോടെ ഭവന നിർമ്മാണം, മാതൃകാ മത്സ്യഗ്രാമ പദ്ധതി, ഫിഷറീസ് സ്കൂളുകളുടെ നവീകരണം എന്നീ പദ്ധതികൾ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നു.<br>സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിന് സാഫ് മുഖേന തീരമൈത്രി എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഉൾനാടൻ മേഖലയിൽ സമഗ്ര വികസനം സാധ്യമാകത്തക്ക വിധം മത്സ്യസമൃദ്ധി പദ്ധതി ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്നു.<br>ആർ.കെ.വി.വൈ. പദ്ധതി പ്രകാരം ആറ്റുകൊഞ്ച്/കരിമീൻ/ചെമ്മീൻ കൃഷിയും കുളങ്ങളിലെ മത്സ്യകൃഷിയും വിവിധ ജില്ലകളിൽ നടപ്പിലാക്കി വരുന്നു.<br>കോൾ നിലങ്ങൾ, പൊക്കാളി നിലങ്ങൾ, കുട്ടനാടൻ പാടശേഖരങ്ങൾ, കൈപ്പാട് നിലങ്ങൾ എന്നിവയിലെ 'ഒരു നെല്ലും ഒരു മീനും' പദ്ധതി, കുളങ്ങളിലെ മത്സ്യകൃഷി, വല്ലങ്ങളിലെ മത്സ്യകൃഷി എന്നിവ അഡാക്ക് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>കൂടാതെ ജലകൃഷി വികസനത്തിനായി മത്സ്യവിത്തുല്പാദന കേന്ദ്രങ്ങൾ, മത്സ്യ വിത്ത |

ളുണമേന്മ പരിശോധിക്കുന്നതിന് പി.സി.ആർ. ലാബുകൾ, ജലകൃഷി പരിശീലനത്തിനായി പൊയ്യ, എരഞ്ഞോളി എന്നിവിടങ്ങളിൽ പ്രദർശന ഫാമുകൾ എന്നിവ അഡാക്കിന്റെ പദ്ധതിയിൽ ഉൾപ്പെടുന്നു.

കടൽ സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് 'സേഫ്റ്റി അറ്റ് സീ' എന്ന പദ്ധതി കെ.എസ്.സി.എ.ഡി.സി. വഴി നടപ്പാക്കുന്നു. ട്രോൾ ബാൻ സമയത്ത് തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ വിതരണം ചെയ്ത് വരുന്നു. അഴിമുഖങ്ങളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന സീറാഞ്ചിംഗ് പദ്ധതി തീരദേശ ജില്ലകളിൽ നടപ്പാക്കിവരുന്നു. 2012 ൽ ഈ പദ്ധതിക്ക് 50 ലക്ഷം രൂപ തീരദേശ ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്.

മത്സ്യഫെഡ് മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. നാടൻ വള്ളങ്ങളുടെ നവീകരണം (50% കേന്ദ്ര സഹായം)
2. എൻ.സി.ഡി.സി. സഹായത്തോടെയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (100% എൻ.സി.ഡി.സി. വായ്പ സഹായം).
3. ബാങ്ക് വായ്പയുമായി ബന്ധപ്പെടുത്തിയ പദ്ധതികൾ.
4. യന്ത്ര ഭാഗങ്ങൾക്കുള്ള അനുയോജ്യമായ ഘടകങ്ങൾക്ക് ആവശ്യമായ സബ്സിഡി.
5. തിരുവനന്തപുരം ജില്ലയിൽ വല നിർമ്മാണ ഫാക്ടറി.

സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയുടെ സമഗ്രമായ വികസനത്തിനു വേണ്ടി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന മത്സ്യബന്ധന തുറമുഖ കേന്ദ്രങ്ങൾ, മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ, പാലങ്ങൾ, തീരദേശറോഡുകൾ, ഗ്രോയിനുകൾ എന്നിവയുടെ നിർമ്മാണവും പൂർത്തീകരിച്ച മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണവും വിപുലപ്പെടുത്തലും മെയിന്റനൻസ് ഡ്രെഡ്ജിംഗ് എന്നീ പ്രവൃത്തികളാണ് നടപ്പിലാക്കി വരുന്നത്.

(ബി) ഇതിനായി എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നത്;

(ബി) 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം മാതൃകാ മത്സ്യഗ്രാമ വികസന പദ്ധതി, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ സഹായത്തോടെ മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം എന്നിവ നടപ്പിലാക്കുന്നു. നാടൻ വള്ളങ്ങളുടെ നവീകരണം എന്ന പദ്ധതി 50% കേന്ദ്ര സഹായത്തോടെയാണ് നടപ്പാക്കുന്നത്. സംസ്ഥാന സർക്കാരിന്റെ ഗ്യാരന്റിയുടെ

അടിസ്ഥാനത്തിൽ മത്സ്യഫെഡ് വിവിധ തൊഴിൽ പദ്ധതികൾക്ക് ദേശീയ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും ദേശീയ ന്യൂനപക്ഷ വികസന കോർപ്പറേഷനിൽ നിന്നും വായ്പ എടുക്കുന്നു. മൊത്തം ചെലവിന്റെ 85% ദേശീയ പിന്നോക്ക വിഭാഗ വികസന ഫിനാൻസ് കോർപ്പറേഷനും ദേശീയ ന്യൂനപക്ഷ വികസന കോർപ്പറേഷൻ വിഹിതവും 10% മത്സ്യഫെഡ് വിഹിതവും 5% ഗുണഭോക്താവിന്റെ വിഹിതവുമാണ്. കൂടാതെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തിരം താഴെ പറയുന്ന സഹായങ്ങൾ ലഭിക്കുന്നു.

50% കേന്ദ്ര ധനസഹായ പദ്ധതിയിലുൾപ്പെടുത്തി വിഴിഞ്ഞം, തലായ് കൊയിലാണ്ടി മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം മെയിന്റനൻസ് ഡ്രെഡ്ജിംഗ് എന്നീ പ്രവൃത്തികൾ നടന്നു വരുന്നു. 75% കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി ചേറ്റുവ, ചെറുവത്തൂർ എന്നിവയുടെ നിർമ്മാണം നടന്നുവരുന്നു. പുതുതായി ഭരണാനുമതി ലഭിച്ച അർത്തുങ്കൽ (4939 ലക്ഷം) വെള്ളയിൽ (3930.20 ലക്ഷം) താനൂർ (4487 ലക്ഷം) വീതം കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്. കൂടാതെ മുനയ്ക്കക്കടവ് (231 ലക്ഷം) മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തിന് 73.25 ലക്ഷം രൂപയുടെ കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ട്.

100% കേന്ദ്ര ധനസഹായത്തോടെ രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ) പദ്ധതിയിലുൾപ്പെടുത്തി കാസർഗോഡ് മത്സ്യബന്ധന തുറമുഖം, മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ ശേഷിക്കുന്ന പ്രവൃത്തികൾ എന്നിവയുടെ നിർമ്മാണത്തിന് കേന്ദ്ര സർക്കാരിന്റെ സഹായം ലഭിക്കുന്നു. കൂടാതെ പൂർത്തീകരിച്ച മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിന് എൻ.എഫ്.ഡി.ബി.യുടെ ധന സഹായവും ലഭിക്കുന്നു.

---

| | | |
|---|---|---|
| (സി) | നബാർഡിന്റെ സഹായം പ്രസ്തുത പദ്ധതിക്കുവേണ്ടി വിനിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) നബാർഡിന്റെ ആർ.ഐ.ഡി.എഫ്. ഫണ്ട് ഉപയോഗിച്ച് മത്സ്യമേഖലയുടെ സമഗ്ര വികസനത്തിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. 2011-12 സാമ്പത്തിക വർഷം പ്രസ്തുത ഫണ്ട് ഉപയോഗിച്ച് 10.89 കോടി രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കുന്നു. ഇതിനുപുറമെ 2012-13 സാമ്പത്തിക വർഷം 10.95 കോടി രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായുള്ള പ്രൊപ്പോസൽ നബാർഡിന് നൽകിയിട്ടുണ്ട്. കൂടാതെ നബാർഡിന്റെ ആർ.ഐ.ഡി.എഫ്. ൽ ഉൾപ്പെടുത്തി തീരദേശത്തെ അടിസ്ഥാന |

സൗകര്യ വികസനത്തിനായി 200 കോടി രൂപയുടെ പദ്ധതികൾക്ക് സ്റ്റേറ്റ് ലെവൽ എമ്പവേർഡ് കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 50 കോടി രൂപയുടെ പ്രൊപ്പോസൽ നബാർഡിന്റെ പരിഗണനയിലാണ്. ഫിഷറീസ് മേഖലയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന മത്സ്യബന്ധന തുറമുഖങ്ങളുടെയും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടെയും, പാലങ്ങളുടെയും, റോഡുകളുടെയും, ഫിഷറീസ് സ്കൂളുകളുടെയും നിർമ്മാണത്തിനുവേണ്ടി നബാർഡ് ധനസഹായം വിനിയോഗിച്ചു വരുന്നുണ്ട്.

RIDF XI – ൽ ഉൾപ്പെടുത്തി കായംകുളം, നീണ്ടകര, മത്സ്യബന്ധന തുറമുഖങ്ങൾക്കായി 19.58 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും ടി ഫണ്ട് പൂർണ്ണമായും നബാർഡ് ധനസഹായം മുഖാന്തിരം ലഭിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

RIDF XII – ൽ ഉൾപ്പെടുത്തി കൊയിലാണ്ടി മത്സ്യബന്ധന തുറമുഖത്തിന് 17.72 കോടി രൂപയുടെ നബാർഡ് ധനസഹായം ലഭിച്ചിട്ടുണ്ട്.

RIDF XIII – ൽ ഉൾപ്പെടുത്തി തലായ് മത്സ്യബന്ധന തുറമുഖത്തിനും വടക്കേക്കാട്ടിൽ ദ്വീപിൽ റോഡിനും ഭരണാനുമതി ലഭിച്ച ആകെ 20.90 കോടി രൂപയിൽ 10.43 കോടി രൂപ നബാർഡ് ധനസഹായമാണ്.

RIDF XV -ൽ ഉൾപ്പെടുത്തി. ചെല്ലാനം മത്സ്യബന്ധന തുറമുഖം, കാപ്പാട് കൊയിലാണ്ടി റോഡ്, ആർ.എഫ്.റ്റി.എച്ച്.എസ്. താനൂർ, തങ്കശ്ശേരി ലോക്കർ റൂം, പെരുമാതുറ-താഴമ്പള്ളി പാലം, 6 മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തിനുമായി 12.53 കോടി രൂപയുടെ ഭരണാനുമതിയിൽ 10.02 കോടി രൂപ നബാർഡ് വിഹിതമാണ്.

RIDF XVII -ൽ ഉൾപ്പെടുത്തി 8 പാലങ്ങൾക്കും രണ്ട് മത്സ്യബന്ധന കേന്ദ്രങ്ങൾക്കുമായി ഭരണാനുമതി ലഭിച്ച 62.91 കോടി രൂപയിൽ 50.08 കോടി രൂപ നബാർഡ് ധനസഹായമാണ്.

സെക്ഷൻ ഓഫീസർ